പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.502 11.12.2012 ൽ മറുപടിയ്ക്ക്

## ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. ആര്യാടൻ മുഹമ്മദ് ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
| (എ) ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബസ്സ് ചാർജ്ജ് 09.11.2012 ൽ പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചാർജ്ജ് വർദ്ധനവ് 11/11/2012 മുതൽ നിലവിൽ വരികയും ചെയ്തു. |
| (സി) ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് ബസ്സുകൾക്ക് നിലവിലുള്ള നിരക്കിൽ നിന്നും എത്ര രൂപയുടെ വർദ്ധനയാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് ; | (സി) | ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് ബസ്സുകൾക്ക് ഉണ്ടായ ചാർജ്ജ് വർദ്ധന ചുവടെ ചേർക്കുന്നു. |

| ബസ്സുകളുടെ വിഭാഗം | വർദ്ധനവിന് മുൻപ് | | വർദ്ധനവിന് ശേഷം | |
|---|---|---|---|---|
| | മിനിമം ചാർജ്ജ് | പൈസ/ കി.മീ. നിരക്ക് | മിനിമം ചാർജ്ജ് | പൈസ/ കി.മീ. നിരക്ക്. |
| ഫാസ്റ്റ് പാസഞ്ചർ | 7 രൂപ | 57 പൈസ | 8 രൂപ | 62 പൈസ |
| സൂപ്പർ ഫാസ്റ്റ് | 10 രൂപ | 60 പൈസ | 12 രൂപ | 65 പൈസ |
| സൂപ്പർ എക്സ്പ്രസ്സ് | 15 രൂപ | 65 പൈസ | 17 രൂപ | 70 പൈസ |

| | | |
|---|---|---|
| (ഡി) പ്രസ്തുത നിരക്കുവർദ്ധനവിൽ നിന്നും ഏതെല്ലാം വിഭാഗത്തെയാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | ഒരുവിഭാഗത്തെയും ഒഴിവാക്കിയിട്ടില്ല |

സെക്ഷൻ ഓഫീസർ.

അനുബന്ധം ............യിൽ ലഭ്യമാണ്